LIBRARY ARCHIVES Kerala Legislative Assembly

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനം

12[*216] ശ്രീ. എ. കെ. ബാലൻ:

ശ്രീമതി ഗീതാ സുരേന്ദ്രൻ:

ശ്രീ. കെ. വി. കുഞ്ഞിരാമൻ:

,, വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത കോർപ്പറേഷന്റെ നഷ്ടം വർദ്ധിച്ചു വരുന്നതിന്റെ കാരണങ്ങളെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):

(എ) ഉണ്ട്.

(ബി) ഓഡിറ്റ് ചെയ്ത കണക്കുകൾ പ്രകാരം 2002-03-ലെ സാമ്പത്തിക നഷ്ടം 48.55 കോടി രൂപയാണ്. 2003-04 സാമ്പത്തിക വർഷത്തിലെ നഷ്ടം 75.50 കോടി രൂപയാണ് (ഓഡിറ്റ് ചെയ്യാത്തത്). 2002-03 വർഷത്തെ നഷ്ടവുമായി താരതമ്യം ചെയ്യുമ്പോൾ 2003-04-ലെ നഷ്ടം 26.95 കോടി രൂപ വർദ്ധിച്ചിട്ടുണ്ട്. അതിനുള്ള പ്രധാന കാരണം സർക്കാരിൽനിന്നും ലഭിച്ച സഹായധനത്തിലുള്ള 20 കോടി രൂപയുടെ കുറവും പലിശ ഇനത്തിൽ സർക്കാരിന് നൽകാനുള്ള തുകയിൽ ഉണ്ടായ 6 കോടി രൂപയുടെ വർദ്ധനയുമാണ്.

പിൽഗ്രിം ടൂറിസം

13 [*217] പ്രൊഫസർ എ. ഡി. മുസ്തഫ :

ശ്രീ. പി. ടി. തോമസ്:

ശ്രീമതി രാധാരാഘവൻ :

ശ്രീ. കെ. സുധാകരൻ:

,, കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ മലബാർ പ്രദേശത്തെ പിൽഗ്രിം ടൂറിസം വികസന സാദ്ധ്യതയെപ്പറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(ബി) വള്ളിയൂർക്കാവ്, തിരുനെല്ലി, കാടാമ്പുഴ, തിരുനാവായ, ലോകനാർകാവ് എന്നീ ക്ഷേത്രങ്ങളെ കേന്ദ്രീകരിച്ച് പിൽഗ്രിം ടൂറിസം വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ):

(എ) ഇല്ല.

(ബി) തിരുനെല്ലി, കാടാമ്പുഴ ക്ഷേത്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കിവരുന്നുണ്ട്. മറ്റ് ക്ഷേത്രങ്ങളിലും അനുയോജ്യമായ പദ്ധതികൾ ക്ഷേത്രഭരണ സമിതികളുടെ സഹകരണത്തോടെ നടപ്പിലാക്കുന്നതിന് ശ്രമിക്കുന്നതാണ്.